# INSIGHTS

**The vision to transform education**

# The Academic Master Plan

**St Teresa's LP School**
**Nedumkunnam**

# ആമുഖം

## പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്

സമഗ്ര ഗുണമേന്മാവിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രൊജക്ടുകളേയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് നെടുംകുന്നം സെന്റ് തെരേസാസ് എൽ പി സ്കൂൾ. പൊതുസമൂഹത്തിന്റെ പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്തുപകരാൻ ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർപ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ

**സി.മീറ തോമസ് സി എം സി**
(മാനേജർ)

**ശ്രീമതി ജെസ്സി പി ജോൺ**
(ഹെഡ്മിസ്ട്രസ്)

**ശ്രീ രാജേഷ് കെ ആർ**
(പി ടി എ പ്രസിഡന്റ്)

**ശ്രീമതി ജയരശ്മി എ എസ്**
(എം പി ടി എ പ്രസിഡന്റ്)

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | സെന്റ് തെരേസാസ് എൽ പി സ്കൂൾ നെടുംകുന്നം |
| മേൽവിലാസം | : | നെടുംകുന്നം പി ഒ, കോട്ടയം 686542 |
| ഫോൺ | : | 04812415065 |
| മൊബൈൽ | : | +91 9961697167 |
| ഇ-മെയിൽ വിലാസം | : | stteresaslpndkm@gmail.com |
| സ്കൂൾ കോഡ് | : | 32423 |
| വിദ്യാഭ്യാസ ഉപജില്ല | : | കറുകച്ചാൽ |
| വിദ്യാഭ്യാസ ജില്ല | : | കാഞ്ഞിരപ്പള്ളി |
| റവന്യൂ ജില്ല | : | കോട്ടയം |
| ബി.ആർ.സി. | : | കറുകച്ചാൽ |
| സി.ആർ.സി. | : | നെടുംകുന്നം |
| ഗ്രാമപഞ്ചായത്ത് | : | നെടുംകുന്നം |
| ബ്ലോക്ക് പഞ്ചായത്ത് | : | വാഴൂർ |
| ജില്ലാ പഞ്ചായത്ത് | : | കോട്ടയം |
| നിയമസഭാമണ്ഡലം | : | കാഞ്ഞിരപ്പള്ളി |
| ലോകസഭാമണ്ഡലം | : | പത്തനംതിട്ട |
| താലൂക്ക് | : | ചങ്ങനാശ്ശേരി |
| വില്ലേജ് | : | നെടുംകുന്നം |

സ്കൂൾ വിക്കി

സ്കൂൾ യൂടൂബ് ചാനൽ

സ്കൂൾ ഫേസ്ബുക്ക് പേജ്

സ്കൂൾ ഇൻസ്റ്റഗ്രാം പേജ്

# സെന്റ് തെരേസാസ് എൽ പി സ്കൂൾ

# നെടുംകുന്നം

കോട്ടയം ജില്ലയിലെ പ്രകൃതിരമണീയമായ നെടുംകുന്നം ഗ്രാമത്തിലെ വളരെ പ്രശസ്തമായ ഒരു എൽ  പി സ്കൂളാണ് സെന്റ് തെരേസാസ്. കാഞ്ഞിരപ്പള്ളി വിദ്യാഭ്യാസ ജില്ലയിൽ, കറുകച്ചാൽ ഉപജില്ലയിലുള്ള ഈ സ്കൂൾ ചങ്ങനാശ്ശേരി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലാണ്.

അനേകം കുഞ്ഞുങ്ങൾക്ക് അറിവിന്റെ വെളിച്ചം പകരം 1920 ൽ സി. എം. സി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഈ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. സിസ്റ്റർ ത്രേസ്യ ക്യാതറിൻ തോപ്പിൽ ആയിരുന്നു ഇതിന്റെ സ്ഥാപക. 1925 ൽ സിസ്റ്റർ അഗസ്റ്റിന സി. എം.സി ഹെഡ്മിസ്ട്രസായി നിയമിതയായി.

ഈ സ്കൂളിന്റെ ഉന്നമനത്തിനായി  മാനേജ്മെന്റിന്റെ സംഭാവന വളരെ വലുതാണ്. 1947 ൽ നാട്ടുകാരുടെയും മാനേജ്മെന്റിന്റെയും സഹായത്തോടെ ഒരു ഇരുനില കെട്ടിടം പണിതു. 2009 ൽ ഇത് പുതുക്കി പണിയാൻ മാനേജ്മെന്റ്, പി. ടി. എ എന്നിവർ ഉദരമായി സംഭാവന ചെയ്തു. കുട്ടികൾക്കായി ലൈബ്രറി റൂം, അസംബ്ലി ഹാൾ, കമ്പ്യൂട്ടർ റൂം തുടങ്ങിയവയും നിലവിൽ ഈ സ്കൂളിൽ ഉണ്ട്.

ഇപ്പോൾ സ്കൂൾ  ഹെഡ്മിസ്ട്രസ് ശ്രീമതി ജെസ്സി പി ജോണും മാനേജർ സിസ്റ്റർ ജൂലി തെരെസ് സി. എം. സിയുമാണ്. സമീപപ്രദേശത്തെ മറ്റേതൊരു സ്കൂളിനെയും പിന്നിലാക്കികൊണ്ട് പ്രവർത്തിക്കുന്ന ഈ സ്കൂളിലെ കുട്ടികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ പി. ടി എ യും നാട്ടുകാരും ഒന്നിച്ചു പരിശ്രമിക്കുന്നു എന്നത് അഭിമാനിക്കാവുന്ന കാര്യം തന്നെയാണ്. വിദ്യാലയത്തിലെ  പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ എല്ലാം തന്നെ പൂർവ വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും അകമഴിഞ്ഞ പിന്തുണ ലഭിക്കുന്നതിൽ അതിയായ സന്തോഷം അറിയിച്ചുകൊള്ളട്ടെ.

ഈ വിദ്യാലയത്തിൽ ഒന്നു മുതൽ നാലുവരെ ക്ലാസുകളിൽ, പന്ത്രണ്ട് ക്ലാസ് മുറികളിലായി 324 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. പന്ത്രണ്ട് അധ്യാപകർ ഇവിടെ സേവനം അനുഷ്ഠിക്കുന്നു.

രാവിലെ 9.10ന് സ്റ്റഡി ബെല്ലടിക്കുമ്പോൾ കുട്ടികൾ ക്ലാസ് മുറിയിൽ പഠനം ആരംഭിക്കുന്നു. രാവിലെ 9.15 മുതൽ വൈകുന്നേരം 3.15 വരെയാണ് പഠനസമയം.ചൊവ്വ,ബുധൻ,വ്യാഴം ദിവസങ്ങളിൽ അസംബ്ലി നടത്തി പ്രാർത്ഥന, പ്രതിജ്ഞ, ചിന്താവിഷയം, മാസ് ഡ്രിൽ, പത്രവാർത്ത, പ്രസംഗം, അറിയിപ്പുകൾ ഇവ നൽകുന്നു. എസ് ആർ ജി കൺവീനറുടെ നേതൃത്വത്തിൽ പഠനപ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു. കുട്ടികളെ വിവിധ ക്ലബുകളിലേയ്ക്ക് അഭിരുചിക്കനുസരിച്ച് തിരിക്കുന്നു. ക്ലാസ് ടെസ്റ്റ് , യൂണിറ്റ് ടെസ്റ്റ്, ഓണം, ക്രിസ്മസ് വാർഷിക പരീക്ഷകൾ നടത്തി കുട്ടികളുടെ മൂല്യനിർണയം നടത്തുന്നു. കൂടാതെ നിരന്തര മൂല്യനിർണയം നടത്തി പരിഹാരബോധനം സാധ്യമാക്കുന്നു. പഠനത്തിൽ മുന്നോക്കം നിൽക്കുന്നവർക്ക് സഹായമായ പ്രവർത്തങ്ങൾ നൽകുകയും പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ശ്രദ്ധ കൊടുത്ത് പഠനനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. കുട്ടികളുടെ മികവ് പ്രകടമാക്കുന്ന പതിപ്പുകൾ, കയ്യെഴുത്ത് മാസിക എന്നിവയ്ക്ക് പ്രത്യേക പ്രാധാന്യം കൊടുക്കുന്നു.

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
4. NAS/PRESS പോലെയുള്ള അഭിരുചി/മത്സര പരീക്ഷകളെ നേരിടാനുള്ള പ്രത്യേകപരിശീലനം ലഭ്യമാക്കും.
5. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
6. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
7. ലാബുകൾ ആധുനികവത്ക്കരിക്കും.
8. ഒന്നാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക് ഷീറ്റുകൾ എസ്. ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്നാശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥിസമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
11. ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.

12. ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
13. ഹരിതസേന രൂപീകരിക്കൽ
14. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.
15. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.
16. എ ഐ സങ്കേതങ്ങൾ പഠനാവശ്യങ്ങൾക്ക് ഉപയോഗിക്കുക

# അക്കാദമികം

## നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.
- ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം
- മികച്ച ലൈബ്രറി,കമ്പ്യൂട്ടർ പഠന സൗകര്യം
- 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.
- കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം
- പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് 'അമ്മയുമൊത്ത്' എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ
- പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്
- സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.
- കാർഷിക പ്രവൃത്തികൾ, ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യുന്നു.

## പരിമിതികൾ

- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല
- മികച്ച കമ്പ്യൂട്ടർ ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല.

- ❖ വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കൂടുതൽ വളർത്താൻ സാധിച്ചിട്ടില്ല.
- ❖ മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
- ❖ മൾട്ടിപ്പിൾ ചോയിസ് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാൻ കുട്ടികൾക്ക് പ്രയാസം ആയതിനാൽ നാഷണൽ ലെവലിൽ ഉള്ള പരീക്ഷകളെ നേരിടാൻ കുട്ടികൾക്ക് ബുദ്ധിമുട്ടാണ്.
- ❖ ഐ.ടി അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല
- ❖ കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.
- ❖ IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.
- ❖ ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ്, എല്ലാ ക്ലാസിലും സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് തുടങ്ങിയവ മൂലം പഠന പ്രവർത്തനങ്ങൾ ICT യുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു .

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യത കളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
7. ക്ലാസ്സ് തല വായന മൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി ഉപയോഗിക്കുക.
4. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ് വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/ പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധി പ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിൻ്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

5. ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. സ്കൂൾ പരിസരം മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.
6. പൂന്തോട്ടം, പച്ചക്കറിത്തോട്ടം ഇവ ക്രമീകരിക്കുക.

# പദ്ധതി വിശദാംശങ്ങൾ

## മലയാളം

**പ്രവർത്തനം 1**

പേര് : **അക്ഷരവേദി**

ഉപമേഖല : **ഭാഷ**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1. കുട്ടികളിൽ അക്ഷരം ഉറപ്പിക്കുക<br>2. പിന്നോക്കക്കാർക്ക് പ്രത്യേക പരിശീലനത്തിനുള്ള അവസരമൊരുക്കുക. | പ്രീ ടെസ്റ്റ് നടത്തി ഇംഗ്ലീഷ് മലയാളം അക്ഷരങ്ങൾ അറിയാത്ത കുട്ടികളെ കണ്ടെത്തുന്നു. പിന്നോക്കക്കാരെ തിരഞ്ഞെടുത്ത് ഉച്ചസമയത്ത് പ്രത്യേക പരിശീലനം നടത്തുന്നു. | ദീർഘ കാലം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം 2**

പേര് : **തെരേസ്യൻ റേഡിയോ**

ഉപമേഖലകൾ : **ഭാഷ** , സർഗാത്മകത

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1) കുട്ടികളുടെ സർഗവാസനകൾ പരിപോഷിപ്പിക്കുക.<br>2) മാധ്യമ പ്രവർത്തനത്തിൽ താല്പര്യം ജനിപ്പിക്കുക. | കുട്ടികളുടെ സർഗവികാസത്തിന് വിവിധ പരിപാടികൾ ഉൾകൊള്ളിച്ചു കൊണ്ട് ഉച്ചസമയത്ത് കുട്ടികൾ റേഡിയോ ജോക്കികളായി റേഡിയോ പ്രവർത്തിക്കുന്നു. നുറുങ്ങുകൾ,ഗാനങ്ങൾ, ഫലിതങ്ങൾ,കുട്ടികളുടെ പരിപാടികൾ,കഥകൾ, പുസ്തകവായന ഇവ | ദീർഘ കാലം | 1. ഷേർലി ജോസഫ്<br>2. ടോം ജോസഫ് | |

| | | | | |
|---|---|---|---|---|
| | അതിൽ ഉൾകൊള്ളിക്കുന്നു. | | | |

**പ്രവർത്തനം 3**

പേര് : **മധുരമലയാളം**

ഉപമേഖല : **ഭാഷ**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1) കുട്ടികളിൽ ഭാഷാനൈപുണി വളർത്തുക<br>2) എല്ലാ കുട്ടികളെയും മലയാളം എഴുത്തിലും വായനയിലും പ്രാവീണ്യമുള്ളവരാക്കുക | പിന്നോക്കക്കാരായ കുട്ടികളെ കണ്ടെത്തി ഭാഷാനൈപുണികൾ നേടുവാനുള്ള പ്രത്യേക പരിശീലനം നൽകുന്നു | ദീർഘ കാലം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം 4**

പേര് : **വായനാക്കാർഡ് നിർമ്മാണം**

ഉപമേഖല : **വായന**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1) വായനയോടുള്ള താല്പര്യം വർദ്ധിപ്പിക്കുക.<br>2) ചർച്ചകൾ നടത്തി ആശയങ്ങൾ ക്രോഡീകരിക്കുക. | മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികൾ പല ഗ്രൂപ്പുകളായി തിരിഞ്ഞ് വായിച്ച പുസ്തകത്തെ സംബന്ധിച്ച് ചർച്ച നടത്തുന്നു. അവർ വായിച്ച പുസ്തകത്തിലെ പ്രധാന ആശയങ്ങൾ ഉൾപ്പെടുത്തി വായനാകാർഡ് നിർമ്മിക്കുന്നു. അവ ഒന്ന്, രണ്ട് ക്ലാസുകളിൽ ഉപയോഗിക്കുന്നു. | മധ്യകാലം | ക്ലാസ് ടീച്ചർ | |

| **പ്രവർത്തനം 5** | | | | |
|---|---|---|---|---|
| പേര് : **സമീപഗ്രന്ഥശാല അംഗത്വം** | | | | |
| ഉപമേഖല : **വായന** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1)ലോകക്ലാസിക്കുകൾ അടക്കമുള്ള വിവിധ പുസ്തകങ്ങൾ പരിചയപ്പെടുത്തുക. വായനാകുറിപ്പ് തയ്യാറാക്കുന്നു.<br>2) വായനയോടുള്ള താല്പര്യം വർദ്ധിപ്പിക്കുക. | കുട്ടികൾക്ക് അടുത്തുള്ള ഗ്രന്ഥശാല സന്ദർശിക്കാൻ അവസരം നൽകുന്നു. അംഗത്വം എടുക്കുന്നു. പുസ്തകങ്ങൾ വായിച്ച് വായനാകുറിപ്പുകൾ തയ്യാറാക്കുന്നു. | ദീർഘകാലം | 1സുബിൻ ജോസ്<br>2.ലിസാ മരിയ ജോർജ്ജ് | |
| **പ്രവർത്തനം 6** | | | | |
| പേര് : **വായനോത്സവം** | | | | |
| ഉപമേഖല : **വായന** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1) വായന പരിപോഷിപ്പിക്കുന്നു.<br>2)ആസ്വാദനക്കുറിപ്പു കൾ തയ്യാറാക്കാനുള്ള പ്രാപ്തി വർദ്ധിപ്പിക്കുക.<br>3) കഥയെ നാടകവത്കരിക്കാനു ള്ള സർഗാത്മക ശേഷി കൈവരിക്കുക. | വർഷാവസാനം ഒരു വായനോത്സവം സംഘടിപ്പിക്കുന്നു., കുട്ടികൾ ആ വർഷത്തെ വായനാനുഭവങ്ങൾ പങ്കിടുന്നു. ആസ്വാദനകുറിപ്പ് പതിപ്പ് ആയി പ്രകാശനം ചെയ്യുന്നു. ക്ലാസ് അടിസ്ഥാനത്തിൽ വായിച്ച കൃതികളുടെ രംഗാവിഷ്കാരം നടത്തുന്നു. | ഹ്രസ്വകാലം | 1 സ്വപ്ന സേവ്യർ<br>2 ധന്യ തോമസ് | |

| **പ്രവർത്തനം 7** | | | | |
|---|---|---|---|---|
| പേര് : **പത്രവായന** | | | | |
| ഉപമേഖല : **വായന** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1)കാലികപ്രസക്തമായ വിവരങ്ങൾ ശേഖരിക്കുന്നു.<br>2) വായനയോടുള്ള താല്പര്യം വർദ്ധിപ്പിക്കുക<br>3) അറിവ് നേടാനുള്ള ആഗ്രഹം വർദ്ധിപ്പിക്കുക . | വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കുന്നു. കുട്ടികൾ ഇടവേളകളിൽ പത്രം വായിക്കുന്നു.വാരാന്ത്യത്തിൽ ആ ആഴ്ചയിലെ വാർത്തകളിൽ നിന്നും ഒരു പത്രക്വിസ് നടത്തുന്നു. അസംബ്ലിയിൽ പത്രവാർത്തകൾ ടി വി ന്യൂസ് റിപ്പോർട്ട് ആയി അവതരിപ്പിക്കാനും അവസരം നൽകുന്നു. | ദീർഘകാലം | 1.അന്നമ്മ തോമസ്<br>2 ജോജോ ജോസ് | സ്പോൺസർ |

| **പ്രവർത്തനം 8** | | | | |
|---|---|---|---|---|
| പേര് : **നാടൻപാട്ട് പരിശീലനം** | | | | |
| ഉപമേഖല : **ഭാഷ** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1) പഴമയുടെ തനിമ തിരിച്ചറിയുക.<br>2) നാടൻപാട്ട് കൃത്യമായും ചിട്ടയായും ആലപിക്കാൻ പരിശീലിക്കുക | കുട്ടികൾക്ക് നാടൻ പാട്ടിൽ വിദഗ്ധ പരിശീലനം നൽകുന്നു. | മധ്യകാലം | 1) സാന്ദ്ര മരിയ റെജി | |

**പ്രവർത്തനം 9**

പേര് : **കഥപുസ്തകനിർമ്മാണം**

ഉപമേഖല : **രചന**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1) കുട്ടികളുടെ രചനാ നൈപുണി വികാസം | കുട്ടികളുടെ കഥകൾ ശേഖരിച്ച് ഓരോ മാസവും കഥപുസ്തകം പുറത്തിറക്കുന്നു. | ദീർഘകാലം | 1) സി. സിനി ടി കെ | |

**പ്രവർത്തനം 10**

പേര് : **എന്റെ പിറന്നാൾ പുസ്തകം**

ഉപമേഖല : **വായന**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1) മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ദീർഘകാലം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം 11**

പേര് : **ഉച്ചഭാഷിണി വായന**

ഉപമേഖല : **വായന**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1) അർഥപൂർണ്ണമായി വായിക്കാൻ കുട്ടി കൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ദീർഘകാലം | ബിന്ദു നടരാജൻ | |

**പ്രവർത്തനം 12**

പേര് : **അക്ഷരക്കൂട്ടം (വായനാകോർണർ)**

| ഉപമേഖല : വായന | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1) മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു | ദീർഘകാലം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം 13**

പേര് : **സ്കൂൾ ലൈബ്രറി വായന**

ഉപമേഖല : **വായന**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1) മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ദീർഘകാലം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം 14**

പേര് : **രചനോത്സവം**

ഉപമേഖല : **ലേഖനം**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1) ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്ന തിനുള്ള കഴിവ് നേടുക | വിവിധ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ദീർഘകാലം | സി സോനാ | |

**പ്രവർത്തനം 15**

പേര് : **ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ**

| ഉപമേഖല : **ലേഖനം** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1) ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്ന തിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | ദീർഘകാലം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം 16**

പേര് : **ക്ലാസ്തല പതിപ്പുകൾ**

ഉപമേഖല : **ലേഖനം**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1) ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരി ക്കുന്ന തിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | ദീർഘകാലം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം 17**

പേര് : **സർഗ്ഗവേള**

ഉപമേഖല : **പ്രകടന വേദികൾ**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്ന തിനുള്ള കഴിവ് നേടുക | വായിച്ച ആശയങ്ങൾ, കഥകൾ, കവിതകൾ തുടങ്ങിയവ പൊതുവായി പങ്കുവയ്ക്കാൻ അവസരം നൽകുന്നു. | ദീർഘകാലം | ക്ലാസ് ടീച്ചർ | |

# ഇംഗ്ലീഷ്

**പ്രവർത്തനം 18**

പേര് : **സ്പോക്കൺ ഇംഗ്ലീഷ്**

ഉപമേഖല : **ഭാഷ**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഇംഗ്ലീഷ് ഭാഷ അനായാസം സംസാരിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുക. | കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള വിദഗ്ധപരിശീലനം നൽകുന്നു. | ദീർഘകാലം | സാന്ദ്ര മരിയ റെജി | |

**പ്രവർത്തനം 19**

പേര് : **ലെറ്റർ ട്രീ**

ഉപമേഖല : **ലേഖനം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷ് അക്ഷരങ്ങൾ പരിചയപ്പെടുക<br>2) വിവിധ അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കുക. | കുട്ടികൾ വിവിധ ഇംഗ്ലീഷ് അക്ഷരങ്ങൾ ഉപയോഗിച്ച് ടീച്ചറുടെ സഹായത്തോടെ ലെറ്റർ ട്രീ നിർമ്മിക്കുന്നു. അതിലെ അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കുന്നു.അർഥം, കണ്ടെത്തുന്നു. | ദീർഘകാലം | മെറീന സെബാസ്റ്റ്യൻ | |

**പ്രവർത്തനം 20**

പേര് : **ഡിക്ഷണറി**

ഉപമേഖല : **ലേഖനം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പുതിയ ഇംഗ്ലീഷ് പദങ്ങൾ പരിചയപ്പെടുക. | പഠിച്ച പാഠത്തിലെ പുതിയ വാക്കുകൾ ഉപയോഗിച്ച് | മധ്യകാലം | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| 2) പദങ്ങൾ മനപാഠമാക്കുക | ഡിക്ഷണറി നിർമ്മിക്കുന്നു. MEANING, PART OF SPEECH എന്നിവ രേഖപ്പെടുത്തുന്നു. | | | |
| **പ്രവർത്തനം 21**<br>പേര് : **ഇംഗ്ലീഷ് അസംബ്ലി**<br>ഉപമേഖല : **പ്രകടന വേദികൾ** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1) എല്ലാ കുട്ടികൾക്കും ഫലപ്രദമായി ഇംഗ്ലീഷ് സംസാരിക്കുവാനുള്ള ശേഷി വർധിപ്പിക്കൽ | എല്ലാ വ്യാഴാഴ്ചയും നടക്കുന്ന അസംബ്ലി ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ദീർഘകാലം | ക്ലാസ് ടീച്ചറുമാർ | |
| **പ്രവർത്തനം 22**<br>പേര് : **കൊറിയോഗ്രാഫി**<br>ഉപമേഖല : **പ്രകടന വേദികൾ** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1) കുട്ടികളുടെ സർഗവാസനകൾ പരിപോഷിപ്പിക്കുക.<br>2) ഇംഗ്ലീഷ് പഠനത്തോട് താല്പര്യം വർദ്ധിപ്പിക്കുക. | POEM പാടി ഡാൻസ് ചെയ്തു കുട്ടികൾ അവതരിപ്പിക്കുന്നു. കവിതയിലെ കഥാപാത്രങ്ങൾക്ക് അനുസൃതമായ വേഷവിധാനങ്ങൾ സ്വീകരിക്കുന്നു. | ദീർഘകാലം | 1. ഷേർലി ജോസഫ് | |
| **പ്രവർത്തനം 23**<br>പേര് : **മാസ്ക് സ്കിറ്റുകൾ**<br>ഉപമേഖല : **പ്രകടന വേദികൾ** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1) ഇംഗ്ലീഷിലുള്ള ആശയവിനിമയം എളുപ്പമാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ കഥാപാത്രങ്ങളുടെ | ഹ്രസ്വകാലം | ക്ലാസ് ടീച്ചറുമാർ | |

| | | | | |
|---|---|---|---|---|
| | മാസ്കുകൾ നിർമ്മിക്കുന്നു. അത് ഉപയോഗിച്ച് സ്കിറ്റുകൾ അവതരിപ്പിക്കുന്നു. | | | |

**പ്രവർത്തനം 24**

പേര് : **കാർഡ് നിർമ്മാണം**

ഉപമേഖല : **വായന**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1) അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കുക<br>2) വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക.<br>3) വാക്യങ്ങൾ ഉപയോഗിച്ച് കഥ നിർമ്മിക്കുക. | LETTER CARD, WORD CARD, SENTENCE CARD ഇവ തയ്യാറാക്കുന്നു. ഒന്ന്, രണ്ട് ക്ലാസ്സിൽ അദ്ധ്യാപകർ ലെറ്റർ കാർഡ് ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കുന്നു.മൂന്ന്, നാല് ക്ലാസുകളിൽ വേർഡ് കാർഡ് ഉപയോഗിച്ച് വാക്യങ്ങളും സെന്റൻസ് കാർഡ് ഉപയോഗിച്ച് കഥയും നിർമ്മിക്കുന്നു. | ഹ്രസ്വകാലം | ക്ലാസ് ടീച്ചറുമാർ | |

**പ്രവർത്തനം 25**

പേര് : **പിക്ചർ ഡിസ്ക്രിപ്ഷൻ**

ഉപമേഖല : **രചന**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1) ചിത്രങ്ങൾ നിരീക്ഷിച്ച് വിവരണം തയ്യാറാക്കുക | ചിത്രങ്ങൾ നിരീക്ഷിച്ച് കുട്ടികൾ വിവരണം തയ്യാറാക്കുന്നു. | ദീർഘകാലം | ക്ലാസ് ടീച്ചറുമാർ | |

| | | | | |
|---|---|---|---|---|
| | വിവരണം ക്ലാസിൽ അവതരിപ്പിക്കുന്നു. കൂട്ടിച്ചേർക്കുന്നു. മെച്ചപ്പെടുത്തി വീണ്ടും അവതരിപ്പിക്കുന്നു. | | | |

**പ്രവർത്തനം 26**

പേര് : **സ്റ്റോറി മേക്കിംഗ്**

ഉപമേഖല : **രചന**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷ് ഭാഷയിലുള്ള രചനാനൈപുണി വികസിപ്പിക്കുക | പരസ്പര ബന്ധമില്ലാത്ത ചിത്രങ്ങൾ കൂട്ടിചേർത്ത് കുട്ടികൾ കഥ നിർമ്മിക്കുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു. ഏറ്റവും നല്ല കഥ സ്കൂൾ മാഗസിനിൽ പ്രസദ്ധീകരിക്കുന്നു. | ഹ്രസ്വകാലം | ക്ലാസ് ടീച്ചറുമാർ | |

**പ്രവർത്തനം 27**

പേര് : **ഇംഗ്ലീഷ് ഡ്രാമ**

ഉപമേഖല : **പ്രകടന വേദികൾ**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിച്ച കഥയെ നാടകവത്കരിക്കുക.<br>2) ഇംഗ്ലീഷിലുള്ള ആശയവിനിമയം സുഗമമാക്കുക .<br>3) അഭിനയശേഷി വർദ്ധിപ്പിക്കുക. | പാഠഭാഗവുമായി ബന്ധപ്പെടുത്തി കുട്ടികൾ സ്ക്രിപ്റ്റ് തയ്യാറാക്കുന്നു. അത് ക്ലാസിൽ അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തുന്നു. | ഹ്രസ്വകാലം | ക്ലാസ് ടീച്ചറുമാർ | |

**പ്രവർത്തനം 28**

പേര് : **ഓഡിയോ വിഷ്വൽ പഠനം**

ഉപമേഖല : **ആശയഗ്രഹണം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ദൃശ്യ ശ്രാവ്യമാധ്യമങ്ങളുടെ ഉപയോഗത്തിലൂടെ പഠനം ലഘൂകരിക്കുക | കുട്ടികൾക്ക് പാഠഭാഗവുമായി ബന്ധപ്പെട്ട് AUDIO VISUAL PROGRAMME നടത്തുന്നു. | ദീർഘകാലം | ക്ലാസ് ടീച്ചറുമാർ | |

# ഗണിതം

**പ്രവർത്തനം 29**

പേര് : **ഗണിത കൗതുകം**

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഗണിതത്തോടുള്ള താല്പര്യം വർദ്ധിക്കുന്നു | കുട്ടികൾക്ക് താല്പര്യം ജനിപ്പിക്കുന്ന നിരവധി ഗണിത പസിലുകളും കളികളും നൽകുന്നു. | ദീർഘകാലം | ക്ലാസ് ടീച്ചറുമാർ | |

**പ്രവർത്തനം 30**

പേര് : **ഗണിതപ്പതിപ്പ്**

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഗണിതത്തോടുള്ള താല്പര്യം വർദ്ധിക്കുന്നു 2) കൂടുതൽ ഗണിതാശയങ്ങൾ പരിചയപ്പെടുന്നു | ഗണിതകേളികൾ, സംഖ്യാപാട്ടുകൾ, ഗണിത ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം എന്നിവ ഉൾകൊള്ളിച്ചു പതിപ്പ് തയ്യാറാക്കുന്നു. | ദീർഘകാലം | ക്ലാസ് ടീച്ചറുമാർ | |

**പ്രവർത്തനം 31**

പേര് : **സംഖ്യാകാർഡുകൾ**

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1) സംഖ്യകളെ താരതമ്യം ചെയ്യുകയും വലിപ്പചെറുപ്പമനുസരിച്ച് ക്രമീകരിക്കുകയും ചെയ്യുക . | സംഖ്യാ കാർഡുകൾ ഉപയോഗിച്ച് ഗണിതക്രിയകൾ പഠിപ്പിക്കുന്നു. | ദീർഘകാലം | ക്ലാസ് ടീച്ചറുമാർ | |

**പ്രവർത്തനം 32**

പേര് : **ചാർട്ട് നിർമ്മാണം**

ഉപമേഖല :

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1) ക്രിയാഫലങ്ങൾ മനക്കണക്കായി പറയുന്നു.<br>2) വേഗത്തിൽ പ്രശ്നപരിഹരണ ത്തിനുള്ള ശേഷി വർദ്ധിപ്പിക്കുന്നു. | ഗുണനപട്ടിക, സങ്കലന പട്ടിക എന്നിവയുടെ ചാർട്ട് തയാറാക്കുന്നു. അവ ഉപയോഗിച്ചു കുട്ടികൾ ക്രിയകൾ കണ്ടെത്തുന്നു. തുടർന്ന് ചാർട്ടിന്റെ സഹായമില്ലാതെ കുട്ടികൾ ക്രിയകൾ ചെയ്യാൻ പ്രാപ്തരാക്കുന്നു. | ദീർഘകാലം | ക്ലാസ് ടീച്ചറുമാർ | |

**പ്രവർത്തനം 33**

പേര് : **സംഖ്യാപാറ്റേണുകൾ**

ഉപമേഖല :

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1) സംഖ്യാ പാറ്റേണുകൾ നിരീക്ഷിച്ച് യുക്തി മനസിലാക്കുക | കുട്ടികൾ സംഖ്യകളെ പാറ്റേണുകളായി എഴുതുന്നു. | ദീർഘകാലം | ക്ലാസ് ടീച്ചറുമാർ | |

**പ്രവർത്തനം 34**

പേര് : **ഗണിത ക്വിസ്**

ഉപമേഖല :

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക** |
|---|---|---|---|---|

| | | | | വിശകലനം |
|---|---|---|---|---|
| 1) ഗണിത ശാസ്ത്ര കൗതുകം വർദ്ധിപ്പിക്കുന്നു. | മൂന്ന്, നാല് ക്ലാസുകൾക്ക് ഗണിത ചോദ്യങ്ങൾ അടങ്ങിയ ഒരു ക്വിസ് പ്രോഗ്രാം നടത്തുന്നു. | ദീർഘകാലം | ക്ലാസ് ടീച്ചറുമാർ | |

**പ്രവർത്തനം 35**

പേര് : **അബാക്കസ് നിർമ്മാണം**

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സംഖ്യാബോധം സൃഷ്ടിക്കുക<br>2) സങ്കലനക്രിയകൾ പഠിക്കുക | ഈർക്കിലിയും മുത്തും ഉപയോഗിച്ച് അബാക്കസ് നിർമ്മിക്കുന്നു. . | ദീർഘകാലം | ക്ലാസ് ടീച്ചറുമാർ | |

**പ്രവർത്തനം 36**

പേര് : **അബാക്കസ് നിർമ്മാണം**

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സംഖ്യാബോധം സൃഷ്ടിക്കുക<br>2) സങ്കലനക്രിയകൾ പഠിക്കുക | ഈർക്കിലിയും മുത്തും ഉപയോഗിച്ച് അബാക്കസ് നിർമ്മിക്കുന്നു. . | ദീർഘകാലം | ക്ലാസ് ടീച്ചറുമാർ | |

# പരിസര പഠനം

**പ്രവർത്തനം 37**

പേര് : **ഔഷധചെടി തോട്ടനിർമ്മാണം**

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.വിവിധ സസ്യങ്ങളുടെ ഔഷധഗുണങ്ങൾ കുട്ടികൾ തിരിച്ചറിയുക.<br>2.നമ്മുടെ നാട്ടിൽ നിന്ന് അപ്രത്യക്ഷമായികൊണ്ടി | വിവിധ തരത്തിലുള്ള ഔഷധചെടികൾ കുട്ടികളുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ | ദീർഘകാലം | | |

| | | | | |
|---|---|---|---|---|
| രിക്കുന്ന സസ്യങ്ങളെ വീണ്ടെടുക്കുക. | ശേഖരിച്ച് നട്ടുപിടിപ്പിക്കുന്നു. | | | |
| **പ്രവർത്തനം 38**<br>പേര് : **ആർക്ക് (ARC)**<br>ഉപമേഖല : | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1.പഴയകാല ജീവിതത്തെ കുറിച്ച് അവബോധം ഉണ്ടാക്കുക.<br>2.പൊതുജനങ്ങളെ സ്കൂളിലേയ്ക്ക് ആകർഷിക്കുക | കുട്ടികൾ പഴയകാല വസ്തുക്കൾ ശേഖരിക്കുന്നു. അവയുടെ ചരിത്രപ്രാധാന്യത്തിന് അനുസരിച്ചു തരംതിരിക്കുന്നു. അവയുടെ പ്രദർശനം “ ആർക് ” എന്ന പേരിൽ സ്കൂൾ ഹാളിൽ വെച്ച് നടത്തുന്നു. പ്രദർശനം കാണാൻ രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും അവസരം നൽകുന്നു. | | | |
| **പ്രവർത്തനം 39**<br>പേര് : **ഫോക് ഫുഡ് ഫെസ്റ്റ്**<br>ഉപമേഖല : സാമൂഹികം | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1. നാടൻ വിഭവങ്ങൾ പരിചയപ്പെടുക.<br>2.വിവിധ ഭക്ഷ്യശൈലികൾ പരിചയപ്പെടുക.<br>3.ഭക്ഷ്യവൈവിധ്യം മനസിലാക്കുക | കുട്ടികളെ നാടൻ വിഭവങ്ങൾ പരിചയപ്പെടുത്തുന്ന തിനായി ഒരു ഭക്ഷ്യമേള സംഘടിപ്പിക്കുന്നു. രക്ഷിതാക്കളുടെ | | | |

| | | | | |
|---|---|---|---|---|
| | സഹകരണം ഉറപ്പാക്കുന്നു. | | | |

**പ്രവർത്തനം 40**

പേര് : **സുരക്ഷിത യാത്ര**

ഉപമേഖല : സാമൂഹികം

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1. ഗതാഗതനിയമങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുക.<br>2.കുട്ടികൾക്ക് പോലീസിനോടുള്ള ഭയം ഇല്ലാതാക്കുക. | കുട്ടികളിൽ ഗതാഗത നിയമങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ കുട്ടികൾക്കായി ഒരു ബോധവത്കരണക്ലാസ് സംഘടിപ്പിക്കുന്നു. കുട്ടികൾ ഗതാഗതനിയമങ്ങളെ പറ്റി സംശയങ്ങൾ ചോദിക്കുന്നു. തുടർന്ന് ട്രാഫിക് നിയമങ്ങളെ സംബന്ധിച്ച ഒരു ഹ്രസ്വചിത്രം പ്രദർശിപ്പിക്കുന്നു. | | | |

**പ്രവർത്തനം 41**

പേര് : **തെരുവ് നാടകം**

ഉപമേഖല :

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1. കുട്ടികളിൽ ശുചിത്വത്തെപ്പറ്റി അവബോധം സൃഷ്ടിക്കുക. | നാട്ടിൽ ശുചിത്വ അവബോധം ഉണ്ടാക്കുന്നതിനായി ഒരു തെരുവുനാടകം സ്കൂൾ | | | |

| | | | | |
|---|---|---|---|---|
| | പരിസരങ്ങളിൽ പ്രദർശിപ്പിക്കുന്നു. | | | |

**പ്രവർത്തനം 42**

പേര് : മോക്ക് പാർലമെൻറ്

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | ബാലെറ്റ് പേപ്പർ ഉപയോഗിച്ച് തിരഞ്ഞെടുപ്പ് നടത്തി സ്കൂൾ പാർലമെൻറ് സ്ഥാപിക്കുന്നു. വിവിധ വകുപ്പുകളിലേയ്ക്ക് മന്ത്രിമാരെ തിരഞ്ഞെടുക്കുന്നു. | ദീർഘകാലം | | |

**പ്രവർത്തനം 43**

പേര് : ഉത്സവ്

ഉപമേഖല : കലാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) കുട്ടികളുടെ സർഗവാസനകൾ പരിപോഷിപ്പിക്കുക. | ഉത്സവ് സ്കൂൾ കലോൽസവം | ഹ്രസ്വകാലം | | |

**പ്രവർത്തനം 44**

പേര് : എക്സ്പോ

ഉപമേഖല : ശാസ്ത്ര ഗണിത ശാസ്ത്ര സാമൂഹികശാസ്ത്രവിഷയങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശാസ്ത്ര ഗണിത ശാസ്ത്ര സാമൂഹിക ശാസ്ത്രവിഷയങ്ങളിൽ താല്പര്യം വളർത്തുക.<br>2.ശാസ്ത്രഅവബോധം സൃഷ്ടിക്കുക. | ശാസ്ത്ര- സാമൂഹ്യശാസ്ത്ര- ഗണിതശാസ്ത്ര- പ്രവർത്തിപരിചയമേള | മധ്യകാലം | | |

**പ്രവർത്തനം 45**

| | |
|---|---|
| പേര് | : കായികപരിശീലനം |
| ഉപമേഖല | : കായികവിദ്യാഭ്യാസം |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. കുട്ടികളുടെ ശാരീരികാരോഗ്യം മെച്ചപ്പെടുത്തുക.<br>2. നാടിന് നേട്ടമായി മാറുന്ന മികച്ച കായികതാരങ്ങളെ വളർത്തിയെടുക്കുക. | കായികശേഷിയിൽ മിടുക്കരായ കുട്ടികളെ കണ്ടെത്തി രാവിലെയും വൈകിട്ടും പ്രത്യേക പപരിശീലനം നടത്തുന്നു | ദീർഘകാലം | | |

**പ്രവർത്തനം 46**

| | |
|---|---|
| പേര് | : കമ്പ്യൂട്ടർ പരിശീലനം |
| ഉപമേഖല | : ഐ ടി പഠനം |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. കുട്ടികളിൽ കംപ്യൂട്ടർ കൈകാര്യം ചെയ്യാനുള്ള നൈപുണി വളർത്തുക.<br>2. കമ്പൂട്ടർ ഉപയോഗത്തിലൂടെ പഠനം ലഘൂകരിക്കുക. | കുട്ടികൾക്ക് പ്രത്യേക കമ്പ്യൂട്ടർ പരിശീലനം നൽകുന്നു . | ദീർഘകാലം | | |

**പ്രവർത്തനം 47**

| | |
|---|---|
| പേര് | : ജാഗ്രതാ സമിതി |
| ഉപമേഖല | : സാമൂഹികം |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. കുട്ടികൾ നേരിടുന്ന ശാരീരികവും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾ | കുട്ടികൾ നേരിടുന്ന ശാരീരികവും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾ | ദീർഘകാലം | | |

| | | | | |
|---|---|---|---|---|
| മനസിലാക്കി ആവശ്യമായ മുൻകരുതലും നടപടികളും സ്വീകരിക്കുക. | മനസിലാക്കി ആവശ്യമായ മുൻകരുതലും നടപടികളും എടുക്കുന്നതിനായി ഒരു ടാസ്ക് ഫോഴ്സ് രൂപികരിക്കുന്നു. എച്ച്. എം , പി ടി എ അംഗങ്ങൾ, അധ്യാപകർ എന്നിവർ ഇതിൽ അംഗങ്ങളാണ്. | | | |

**പ്രവർത്തനം 48**

പേര് : നൃത്തപരിശീലനം

ഉപമേഖല : കലാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) കുട്ടികളുടെ സർഗവാസനകൾ വളർത്തിയെടുക്കുക. | കുട്ടികളുടെ കലാവാസന വളർത്തിയെടുക്കുവാൻ താൽപര്യ മുള്ളവർക്ക് പ്രത്യേക നൃത്തപരിശീലനം നൽകുന്നു. | ദീർഘകാലം | | |

**പ്രവർത്തനം 49**

പേര് : പൂർവവിദ്യാർഥി സംഗമം

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിച്ച വിദ്യാലയവുമായി കുട്ടികൾക്ക് | പൂർവ്വ വിദ്യാർഥികളെ സംഘടിപ്പിച്ച് യോഗം കൂടുന്നു. | ദീർഘകാലം | | |

| | | | | |
|---|---|---|---|---|
| ആത്മബോധം വളർത്തുക.<br>2. പൂർവ്വവിദ്യാർഥികളുടെ സഹായത്തോടെ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക | | | | |

**പ്രവർത്തനം 50**

പേര് : സ്കൂൾ സോഷ്യൽ മീഡിയ

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുക. | സ്കൂൾ വാർത്തകൾ, വീഡിയോകൾ ചിത്രങ്ങൾ, റീലുകൾ യഥാസമയം സ്കൂളിന്റെ സോഷ്യൽ മീഡിയ അക്കൗണ്ടുകളിൽ അപ്ഡേറ്റ് ചെയ്യുന്നു. | ദീർഘകാലം | | |

**പ്രവർത്തനം 51**

പേര് : കോർണർ പി ടി എ

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. വിദ്യാലയവും സമൂഹവും തമ്മിലുള്ള ബന്ധം വളർത്തുക. | കുട്ടികളുടെ വീടുകളിൽ യോഗം ചേരുന്നു. ചർച്ച, കളികൾ , കലാപരിപാടികൾ, സ്നേഹവിരുന്ന് ഇവ നടത്തുന്നു. | | | |

**പ്രവർത്തനം 52**

പേര് : അമ്മ ഒരു നന്മ

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.മാതാപിതാക്കൾക്ക് തങ്ങളുടെ കുട്ടികൾ പഠിക്കുന്ന വിദ്യാലയവുമായി മാനസികമായ അടുപ്പം വളർത്തിയെടുക്കുക. | അമ്മമാരുടെ ഒരു കൂട്ടം സംഘടിപ്പിക്കുന്നു. കുട്ടികളെ പഠിപ്പിക്കുവാനുള്ള ടിപ്സ് ചർച്ച ചെയ്യുന്നു. | ദീർഘകാലം | | |

**പ്രവർത്തനം 53**

പേര് : മെഡിക്കൽ ക്യാമ്പ്

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തുക | കുട്ടികൾക്കും രക്ഷിതാക്കൾക്കും വേണ്ടി വർഷത്തിൽ രണ്ട് തവണ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. | മധ്യകാലം | | |

**പ്രവർത്തനം 54**

പേര് : ശലഭോദ്യാനം

ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പ്രകൃതിയെ അടുത്തറിയാൻ അവസരം ഉണ്ടാക്കുക | രക്ഷിതാക്കളുടെ സഹായത്തോടെ ഒരു ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കുന്നു. | ദീർഘകാലം | | |

**പ്രവർത്തനം 55**

| പേര് : ബുള്ളറ്റിൻ ബോർഡ്<br>ഉപമേഖല : സാമൂഹികം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1. സാമൂഹ്യ ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികൾക്കും വായിക്കുവാൻ സകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർപ്പിക്കുകയും ചെയ്യൽ | ദീർഘകാലം | | |

**പ്രവർത്തനം 56**

| പേര് : സർഗവേള<br>ഉപമേഖല : കലാപഠനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1) കുട്ടികളുടെ സർഗവാസനകൾ പരിപോഷിപ്പിക്കുക. | ഓരോ ക്ലാസും കലാപരിപാടികൾ അവതരിപ്പിക്കാൻ തയ്യാറാകുന്നു. സർഗവേളയിൽ പരിപാടികൾ പ്രദർശിപ്പിക്കുന്നു. | ദീർഘകാലം | | |

**പ്രവർത്തനം 57**

| പേര് : അമ്മവായന<br>ഉപമേഖല : സാമൂഹികം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |

| | | | | |
|---|---|---|---|---|
| 1.കാലികപ്രസക്തമായ വിവരങ്ങൾ ശേഖരിക്കുന്നു.<br>2. വായനയോടുള്ള താല്പര്യം വർദ്ധിപ്പിക്കുക<br>3. അറിവ് നേടാനുള്ള ആഗ്രഹം വർദ്ധിക്കുന്നു.<br>4. അമ്മമാർക്ക് വിദ്യാലയത്തോട് അടുപ്പം വർദ്ധിപ്പിക്കുക | അമ്മമാർക്ക് സ്കൂൾ ലൈബ്രറിയിൽ നിന്നും പുസ്തകം എടുക്കുവാനും അത് കുട്ടികളെ വായിപ്പിക്കാനും പരിശീലനം കൊടുക്കുന്നു. | ദീർഘകാലം | | |

**പ്രവർത്തനം 58**

പേര് : ഹരിതവീഥി

ഉപമേഖല : സാമൂഹികം

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1) ഗ്രാമവീഥികളെ ഹരിതാഭമാക്കൽ | വിദ്യാലയത്തിലേയ്ക്കുള്ള വഴിയിൽ തണൽ മരങ്ങൾ വെച്ചു പിടിപ്പിക്കുന്നു. പരിപാലിക്കുന്നു. | ദീർഘകാലം | | |

**പ്രവർത്തനം 59**

പേര് : മത്സരപരീക്ഷകൾക്ക് ഒരുക്കം

ഉപമേഖല : അക്കാദമികം

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1) അറിവ് ജനകീയവത്കരിക്കുക | എൽ എസ് എസ് പരീക്ഷ, മറ്റ് സ്കോളർഷിപ്പ് പരീക്ഷകൾ, മത്സര പരീക്ഷകൾ എന്നിവയ്ക്ക് കുട്ടികൾക്ക് പ്രത്യേക | ദീർഘകാലം | | |

| | | | | |
|---|---|---|---|---|
| | പരിശീലനം നൽകുന്നു. | | | |

**പ്രവർത്തനം 60**

പേര് : സ്കൂൾ കലണ്ടർ

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സ്കൂൾ പ്രവർത്തനങ്ങൾ സമൂഹവുമായി പങ്കുവെയ്ക്കൽ | സ്കൂൾ പ്രവർത്തനങ്ങൾ അടങ്ങിയ കലണ്ടർ ഡയറിയിൽ അച്ചടിച്ച് കുട്ടികൾക്ക് നൽകുന്നു. അതിലൂടെ സ്കൂൾ പ്രവർത്തനങ്ങൾ രക്ഷിതാക്കളിൽ എത്തിക്കുന്നു. | മധ്യകാലം | | |

**പ്രവർത്തനം 61**

പേര് : ക്ലാസ് പി ടി എ ശക്തിപ്പെടുത്തൽ

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | കൃത്യമായ അജണ്ടയോടെ ക്ലാസ് പി ടി എ മാസം തോറും ചേരുന്നു. ആ മാസത്തെ പഠനഭാഗത്തെ പറ്റിയും കുട്ടികൾ നേരിടുന്ന വെല്ലുവിളികളെപ്പറ്റി യും ചർച്ച നടത്തുന്നു. മികവുകളുടെ | ദീർഘകാലം | | |

| | | | | |
|---|---|---|---|---|
| | അവതരണം നടത്തുന്നു. | | | |

**പ്രവർത്തനം 62**

പേര് : പൂന്തോട്ടനിർമ്മാണം

ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)സസ്യപരിപാലനത്തിൽ താല്പര്യം ജനിപ്പിക്കുക<br>2) വിവിധ പുഷ്പങ്ങളെ പരിചയപ്പെടുത്തുക | കുട്ടികളുടെ നേതൃത്വത്തിൽ വിദ്യാലയത്തിൽ ഒരു പൂന്തോട്ടം നിർമ്മിക്കുന്നു.. | ഹ്രസ്വകാലം | | |

**പ്രവർത്തനം 63**

പേര് : ദിനാചരണങ്ങൾ

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) വിവിധ ശേഷികളുടെ വികാസം | എല്ലാ വർഷവും ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങൾ എസ് ആർ ജിയിൽ പട്ടികപ്പെടുത്തുന്നു. നിശ്ചിതദിവസങ്ങളിൽ അത് സംഘടിപ്പിക്കുന്നു. | ദീർഘകാലം | | |

**പ്രവർത്തനം 64**

പേര് : പോഷകാഹാര പരിപാടി

ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്തി | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്തതയാർന്ന | ദീർഘകാലം | | |

| | | | | |
|---|---|---|---|---|
| പഠനത്തിന് അനുകൂലമായ സാഹചര്യമൊരുക്കുക. | പോഷകപ്രദായകമായ മെനു ഉൾപ്പെടുത്തി ഉച്ചഭക്ഷണം നൽകുന്നു. | | | |

**പ്രവർത്തനം 65**

പേര് : പിറന്നാൾ പുസ്തകം

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ക്ലാസ് ലൈബ്രറിയുടെ നവീകരണം | കുട്ടികൾ അവരുടെ പിറന്നാൾ ദിനത്തിൽ സ്കൂൾ ലൈബ്രറിയിലേയ്ക്ക് രണ്ടു പുസ്തകം വീതം സമ്മാനിക്കുന്നു | ദീർഘകാലം | | |

**പ്രവർത്തനം 66**

പേര് : ഓഫീസ് ഡിജിറ്റലൈസെഷൻ

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഓഫീസ് സേവനം സുഗമമാക്കൽ | ഓഫീസ് രേഖകൾ മുഴുവൻ ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റി സൂക്ഷിക്കുന്നു. ആവശ്യമായ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നു. | ദീർഘകാലം | | |

**പ്രവർത്തനം 67**

പേര് : പൂർവ്വാധ്യാപക സംഗമം

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1) സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വാധ്യാപകരെ ഒന്നിച്ചു കൂട്ടുന്നു. അനുഭവങ്ങൾ പങ്കു വയ്ക്കുന്നു. സമിതി രൂപികരിക്കുന്നു. വർഷത്തിലൊരിക്കൽ മീറ്റിംഗ് കൂടുന്നു. | ദീർഘകാലം | | |

**പ്രവർത്തനം 68**

പേര് : അങ്കണവാടി കളറിംഗ് മത്സരം

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ<br>2) നവാഗതരാകേണ്ടവർക്ക് സ്കൂളിനെ അടുത്തറിയാൻ അവസരം നൽകുന്നു. | സമീപ പ്രദേശത്തെ അങ്കണവാടികളിലെ കുട്ടികൾക്കായി ഒരു കളറിംഗ് മത്സരം സംഘടിപ്പിക്കുന്നു. ആകർഷമായ സമ്മാനങ്ങൾ നൽകുന്നു. | ഹ്രസ്വകാലം | | |

**പ്രവർത്തനം 69**

പേര് : സ്നേഹപ്പൊതി

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരും വിദ്യാർഥികളും അവരെ കൊണ്ട് കഴിയുന്നത്ര ചോറുപൊതികൾ കൊണ്ടുവരുന്നു. | ദീർഘകാലം | | |

| | | | | |
|---|---|---|---|---|
| | സമീപത്തുള്ള വൃദ്ധസദനത്തിൽ ഈ പൊതികൾ ഉച്ചഭക്ഷണമായി എത്തിച്ചു നൽകുന്നു. | | | |

**പ്രവർത്തനം 70**

പേര് :

നിരക്ഷരരായ മാതാപിതാക്കളെ, കുട്ടികളെ പഠനത്തിൽ സഹായിക്കാൻ പ്രാപ്തരാക്കൽ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) വിദ്യാലയവിഭവങ്ങൾ സമൂഹവുമായി പങ്കുവയ്ക്കുന്നു | ക്ലാസ് ഇല്ലാത്ത സമയങ്ങളിൽ നിരക്ഷരായ അമ്മമാർക്ക് പ്രത്യേക പരിശീലനം നൽകുന്നു. | ദീർഘകാലം | | |

**പ്രവർത്തനം 71**

പേര് : ലോങ്ങ് ജമ്പ് പിറ്റ്

മേഖല : കായികപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) കുട്ടികളുടെ ശാരീരികാരോഗ്യം മെച്ചപ്പെടുത്തുക | കുട്ടികളുടെ കായികപരിശീലന ത്തിനായി ലോങ്ങ് ജമ്പ് പിറ്റ് തയ്യാറാക്കുന്നു. | ഹ്രസ്വകാലം | | |

**പ്രവർത്തനം 72**

പേര് : ഷട്ടിൽ ബാറ്റ്മിന്റൻ, വോളിബോൾ എന്നിവയ്ക്ക് വിദഗ്ധ പരിശീലനം

മേഖല : കായികപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1) കുട്ടികളുടെ ശാരീരികാരോഗ്യം മെച്ചപ്പെടുത്തുക | ഷട്ടിൽ ബാറ്റ്മിന്റൻ, വോളിബോൾ എന്നിവയ്ക്ക് വിദഗ്ധ പരിശീലനം നൽകുന്നു | ദീർഘകാലം | | |

**പ്രവർത്തനം 73**

പേര് : സ്പോർട്സ് ക്യാമ്പ്

മേഖല : കായികപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) കുട്ടികളുടെ ശാരീരികാരോഗ്യം മെച്ചപ്പെടുത്തുക | കുട്ടികളുടെ കായികരംഗത്തെ സമഗ്രവളർച്ചയ്ക്കായി ഒരു സ്പോർട്സ് ക്യാമ്പ് സംഘടിപ്പിക്കുന്നു. | ഹ്രസ്വകാലം | | |

**പ്രവർത്തനം 74**

പേര് : ജൈവവൈവിധ്യ പാർക്ക്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) കുട്ടികൾക്ക് പ്രകൃതിയെ അടുത്തറിയാൻ അവസരം നൽകുക. | സ്കൂളിൽ അനുയോജ്യമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് ഒരുക്കുന്നു. | ദീർഘകാലം | | |

**പ്രവർത്തനം 75**

പേര് : എല്ലാ ക്ലാസിലും വൈറ്റ് ബോർഡ്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

<table>
<tr><td>1) പഠനസൗകര്യം വർദ്ധിപ്പിക്കൽ</td><td>എല്ലാ ക്ലാസിലും വൈറ്റ് ബോർഡ് സ്ഥാപിക്കുന്നു.</td><td>മധ്യകാലം</td><td></td><td></td></tr>
<tr><td colspan="5">പ്രവർത്തനം 76<br>പേര് : എല്ലാ ക്ലാസിലും ബുക്ക് റാക്ക് സ്ഥാപിക്കൽ<br>മേഖല : ഭൗതികം</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനം</td><td>കാലയളവ്</td><td>ചുമതല</td><td>സാമ്പത്തിക വിശകലനം</td></tr>
<tr><td>1) പഠനസൗകര്യം വർദ്ധിപ്പിക്കൽ</td><td>എല്ലാ ക്ലാസിലും ബുക്ക് റാക്ക് സ്ഥാപിക്കുന്നു.</td><td>മധ്യകാലം</td><td></td><td></td></tr>
<tr><td colspan="5">പ്രവർത്തനം 77<br>പേര് : ട്വിന്നിംഗ് പ്രോഗ്രാം<br>മേഖല : അക്കാദമികം</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനം</td><td>കാലയളവ്</td><td>ചുമതല</td><td>സാമ്പത്തിക വിശകലനം</td></tr>
<tr><td>1) മറ്റു സ്കൂളുകളുടെ പ്രവർത്തനം മനസിലാക്കൽ<br>2) കുട്ടികളിൽ സാമൂഹികബോധം വളർത്തുക</td><td>സമീപവിദ്യാലയത്തിലേയ്ക്ക് കുട്ടികളെ കൊണ്ടുപോയി അവിടുത്തെ പ്രവർത്തനങ്ങൾ മനസിലാക്കാനും കുട്ടികളുമായി ഇടപഴകാനും അവസരം നൽകുന്നു.</td><td>ഹ്രസ്വകാലം</td><td></td><td></td></tr>
<tr><td colspan="5">പ്രവർത്തനം 77<br>പേര് : തെരേസ്യൻ എ ഐ<br>മേഖല : അക്കാദമികം</td></tr>
<tr><td>1) നൂതന സാങ്കേതിക വിദ്യയുടെ സഹായത്താൽ പഠനം ലളിതമാക്കുക</td><td>എ ഐ ടൂളുകൾ ഉപയോഗിച്ച് പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക</td><td>ദീർഘകാലം</td><td></td><td></td></tr>
</table>

# ഉപസംഹാരം

സമഗ്ര ഗുണമേന്മാവിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കാനും വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യാനുമുള്ള നീക്കത്തിന്റെ മഹനീയ ഉദാഹരണമാണ് സ്കൂളിൽ നടപ്പിലാക്കേണ്ട പാഠ്യപാഠ്യേതരപ്രവർത്തനങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ .

വിദ്യാഭ്യാസഅവകാശനിയമം പ്രാബല്യത്തിൽ വന്നതോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി കഴിഞ്ഞു. എല്ലാ വിഭാഗക്കാർക്കും പഠനനേട്ടം ഉറപ്പാക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഈ മാസ്റ്റർ പ്ലാനിലൂടെ കഴിഞ്ഞിട്ടുണ്ട്. കാര്യക്ഷമവും പുരോഗമനാത്മകവുമായ രീതിയിൽ നടപ്പിലാക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. സ്കൂളിലെ നല്ല ഒരു ഗ്രൂപ്പ് ഇതിന്റെ ചുമതല ഏറ്റെടുത്തിട്ടുണ്ട്. എല്ലാ തലങ്ങളിലും കൂടുതൽ സൂക്ഷ്മവും കാര്യക്ഷമവുമായ നിലപാടുകൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

സർഗാത്മകവും നൂതനവും വ്യത്യസ്തവുമായ വഴിയിലൂടെ സഞ്ചരിച്ച്, പുതിയ അന്വേഷണങ്ങൾ ഏറ്റെടുത്ത് , നവീനമായ ആശയങ്ങൾ ഉത്പാദിപ്പിക്കേണ്ടതുണ്ട്.എങ്കിൽ മാത്രമേ ഓരോ വിദ്യാലയത്തിനും മികവിന്റെ കേന്ദ്രങ്ങളാവാൻ സാധിക്കൂ. നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മഹത്വവും കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.